പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 5808 | 03.11.2016-ൽ മറുപടിക്ക്

## സ്വകാര്യ ആശുപത്രികളിലെ ജീവനക്കാരുടെ ജോലി സമയം

| ചോദ്യം | | മറുപടി | |
|---|---|---|---|
| | ശ്രീ. എം.എം. മണി | | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) | സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർ 12 മണിക്കൂറിലധികം ജോലി ചെയ്യേണ്ടി വരുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ഡ്യൂട്ടി സമയം ക്രമീകരിച്ച് നൽകുന്നതിനും മതിയായ അവധികൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | (ബി) | 24/02/2016-ന് ബഹു:തൊഴിൽ വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന സ്വകാര്യ ആശുപത്രി വ്യവസായബന്ധ സമിതി യോഗത്തിൽ സ്വകാര്യ ആശുപത്രികളിൽ മൂന്ന് ഷിഫ്റ്റ് സമ്പ്രദായം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട് അതാത് ആശുപത്രികളിലെ സാഹചര്യങ്ങൾക്കനുസരിച്ച് ട്രേഡ് യൂണിയനുകളും, മാനേജ്മെന്റും കൂടിയാലോചിച്ച് ഷിഫ്റ്റുകളുടെ സമയക്രമം തീരുമാനിക്കണം. 8 മണിക്കൂറിൽ കൂടുതൽ ജോലി ചെയ്യുന്നവർക്ക് നിയമപരമായ ഓവർടൈം അലവൻസ് നൽകേണ്ടതാണ്. ജീവനക്കാർക്ക് വീട്ടിലെത്താൻ ഗതാഗതസൗകര്യമില്ലാത്ത പക്ഷം ആശുപത്രി തലത്തിൽ റസ്റ്റ് റൂം ലഭ്യമാക്കണം എന്നിവ ചർച്ചയിൽ തീരുമാനിച്ചിട്ടുണ്ട്. |
| (സി) | നിലവിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും ഉത്തരവുകൾ നിലവിലുണ്ടോ; എങ്കിൽ ഇതിന്റെ പകർപ്പ് ലഭ്യമാക്കുമോ? | (സി) | നിലവിൽ ഇതുസംബന്ധിച്ച് ഉത്തരവുകളൊന്നും ഇല്ല. |

സെക്ഷൻ ഓഫീസർ